**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4968** **20-03-2025 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം കൺകോഡിയ യു.പി.എസ്. -ൽ വേതനം നൽകാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ വി ശിവൻകുട്ടി**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | തിരുവനന്തപുരം കൺകോഡിയ യു.പി.എസ്. -ൽ ദിവസവേതന അടിസ്ഥാനത്തിൽ ജോലി നോക്കുന്ന രാജി എസ്. - ന്റെ 2023-24, 2024-25 വർഷത്തെ വേതനം ലഭ്യമാക്കാത്തത് സംബന്ധിച്ച് സമർപ്പിച്ച പരാതിയിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (എ) | പരാതി സർക്കാരിൽ ലഭ്യമായിട്ടില്ല. |
| (ബി) | ഈ കാലയളവിൽ പ്രസ്തുത സ്കൂളിൽ ജോലിക്ക് കയറിയ മറ്റ് ആർക്കെങ്കിലും ശമ്പളം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ശ്രീമതി രാജിയെക്കാൾ ജൂനിയർ ആയ മറ്റാർക്കും നിയമനാംഗീകാരം നൽകുകയോ ശമ്പളം നൽകുകയോ ചെയ്തിട്ടില്ല. |
| (സി) | ഡി.ഇ.ഒ.- യിൽ ടിയാൾ നൽകിയ അപേക്ഷയിൽ (ഫയൽ നമ്പർ സി/51406/23) സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഇതു സംബന്ധിച്ച് ഡി.പി.ഐ. ഓഫീസിൽ ഫയൽ ഉണ്ടോയെന്നും ആയതിൽ സ്വീകരിച്ചുവരുന്ന നടപടികളും വിശദീകരിക്കാമോ? | (സി) | ഫയൽ നമ്പർ സി/51406/23, ശ്രീമതി രാജിയുടെ നിയമന അംഗീകാരത്തിനായുള്ള തിരുവനന്തപുരം നോർത്ത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിലെ ഫയലാണ്. 51എ അവകാശിയായ ശ്രീമതി ബിന്ദു എസ്.എസ്.ന് പുനർനിയമനം നൽകിയിട്ടില്ലാത്തതിനാൽ 07/12/2023-ലെ നം.സി/51406/23 നമ്പർ നടപടി ഉത്തരവ് **(അനുബന്ധം 1)** പ്രകാരം ശ്രീമതി രാജിയുടെ നിയമനം നിരസിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന് മാനേജർ തിരുവനന്തപുരം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിച്ച അപ്പീൽ ഇതേ കാരണത്താൽ 13/02/2024-ലെ നം.ബി5/202223/2023 നമ്പർ ഉത്തരവ് **(അനുബന്ധം 2)** പ്രകാരം നിരസിച്ചു. ടി ഉത്തരവിനെതിരെ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ച റിവിഷൻ അപ്പീൽ 25/07/2024-ലെ എഫ്1/721477/2024/ഡിജിഇ നമ്പർ നടപടി ഉത്തരവ് **(അനുബന്ധം 3)** പ്രകാരം അനുവദിക്കുകയും 51എ അവകാശിയായ ശ്രീമതി ബിന്ദു എസ്.എസ്.ന് ആലപ്പുഴ സൗത്ത് ആര്യാട് ഹൈസ്കൂളിൽ 09/10/2023 മുതൽ നൽകിയ നിയമനം അംഗീകരിക്കപ്പെട്ടിട്ടുള്ളപക്ഷം ശ്രീമതി രാജിയുടെ നിയമനം 09/10/2023 മുതൽ 31/03/2024 വരെ |

| | | | |
|---|---|---|---|
| | | | ദിവസവേതന അടിസ്ഥാനത്തിൽ അംഗീകരിക്കുന്നത് പരിഗണിക്കുവാൻ തിരുവനന്തപുരം നോർത്ത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം-1

## തിരുവനന്തപുരം നോർത്ത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നടപടിക്രമം

ഹാജർ :ബീനറാണി. ഒ. എസ്

| | | |
|---|---|---|
| വിഷയം | : | പൊ.വി-എയ്ഡഡ്-നിയമനാംഗീകാരം - ശ്രീമതി.രാജി.എസ്, യു.പി.എസ്.റ്റി(ദിന വേതനം), പേരൂർക്കട കൺകോർഡിയാ ലൂഥറൻ യു.പി.എസ് -01-06-2023 മുതൽ 31-03-2024 വരെയുള്ള ദിവസവേതന നിയമനം-നിരസിച്ച് ഉത്തരവാകുന്നത് - സംബന്ധിച്ച് |
| പരാമർശം | : | 1. നിയമനാംഗീകാര അപേക്ഷ നം.33/എൽ.എസ്.സി.എം./2023 തീ. 01-06-2023,മാനേജർ, ലൂഥറൻ സ്കൂൾസ്, തിരുവനന്തപുരം<br>2. ശ്രീമതി.ബിന്ദു.എസ്.എസ് 08-06-2023-ന് സമർപ്പിച്ച നിവേദനം |

### ഉത്തരവ് നമ്പർ C/51406/2023/കെഡിസ് തീയതി 07/12/2023

പേരൂർക്കട കൺകോർഡിയാ ലൂഥറൻ യു.പി.എസ്-ലെ യു.പി.എസ്.റ്റി ആയ ശ്രീമതി.ഗിരിജ.എസ്-യുടെ വിരമിക്കൽ ഒഴിവിൽ ശ്രീമതി.രാജി.എസ്-നെ 01-06-2023 മുതൽ 31-03-2024 വരെ യു.പി.എസ്.റ്റി ആയി ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ച് നിയമനാംഗീകാര അപേക്ഷ പരാമർശം (1) പ്രകാരം മാനേജർ ഈ കാര്യാലയത്തിൽ സമർപ്പിച്ചിരിക്കുന്നു.

മാനേജരുടെ നിയമനാംഗീകാര അപേക്ഷ നിലവിലെ സർക്കാർ ചട്ടങ്ങളുടെയും, വ്യവസ്ഥകളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. നിയമനാംഗീകാര അപേക്ഷ പരിശോധിച്ചതിൽ താഴെ പറയുന്ന കാരണങ്ങളാൽ ഈ നിയമന പ്രൊപ്പോസൽ പരിഗണിക്കുവാൻ കഴിയുന്നതല്ല എന്ന് കാണുന്നു.

1)ലൂഥറൻ സ്കൂൾ മാനേജ്മെന്റിലെ യു.പി.എസ്.റ്റി തസ്തികയിൽ 51എ അവകാശം സിദ്ധിച്ചിട്ടുള്ള ശ്രീമതി.ബിന്ദു.എസ്.എസ് 08-06-2023-ന് സമർപ്പിച്ച നിവേദനം പ്രകാരം ടിയാൾക്ക് പുനഃനിയമനം ലഭിക്കാത്തത് സംബന്ധിച്ച് ആക്ഷേപം ഉന്നയിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ കേരള വിദ്യാഭ്യാസ നിയമം അദ്ധ്യായം 14 എ.ചട്ടം 8(3) പ്രകാരം ഈ നിയമനം നിരസിച്ച് ഇതിനാൽ ഉത്തരവാകുന്നു.ഈ ഉത്തരവിനെതിരെ മാനേജർക്ക് ആക്ഷേപമുള്ള പക്ഷം ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം അപ്പീൽ അധികാരിക്ക് അപ്പീൽ സമർപ്പിക്കാവുന്നതാണ്.ആയതിന്റെ പകർപ്പ് ഈ ഓഫീസിലേക്കും നൽകേണ്ടതാണ്.

Signature Valid
Digitally signed by BEENA RANI O S
Reason : Document Approved
Date : 07/12/2023 03:02 PM

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ

തിരുവനന്തപുരം നോർത്ത്

സ്വീകർത്താവ്

മാനേജർ, ലൂഥറൻ സ്കൂൾസ്, തിരുവനന്തപുരം

പകർപ്പ്

1) പ്രധാനാദ്ധ്യാപകൻ, കൺകോർഡിയാ ലൂഥറൻ യു.പി.എസ്, പേരൂർക്കട
2) ശ്രീമതി.രാജി.എസ് (മാനേജർ മുഖേന)
3) കരുതൽ ഫയൽ

സെക്ഷൻ ഓഫീസർ

അനുബന്ധം - 2

തിരുവനന്തപുരം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നടപടിക്രമം

ഹാജർ : ഇന്ദു എൽ.ജി.

വിഷയം : പൊ.വി-എയ്ഡഡ്-നിയമനാംഗീകാരം - ശ്രീമതി.രാജി.എസ്, യു.പി.എസ്.റ്റി(ദിന വേതനം), പേരൂർക്കട കൺകോർഡിയാ ലൂഥറൻ യു.പി.എസ് -01-06-2023 മുതൽ 31-03-2024 വരെയുള്ള ദിവസവേതന നിയമനം- നിരസിച്ച് ഉത്തരവാകുന്നത് - സംബന്ധിച്ച്

പരാമർശം : ലൂഥറൻ സ്കൂൾസ് മാനേജർ 14/12/2023 - ൽ സമർപ്പിച്ച ബി5/202223/2023 നമ്പർ അപ്പീൽ അപേക്ഷ

**ഉത്തരവ് നമ്പർ B5/202223/2023 തീയതി 13/02/2024**

പേരൂർക്കട കൺകോർഡിയാ ലൂഥറൻ യു.പി.എസ് - ലെ യു.പി.എസ്.റ്റി. ആയ ശ്രീമതി.ഗിരിജ എസ്. - ന്റെ വിരമിക്കൽ ഒഴിവിൽ ശ്രീമതി.രാജി എസ് - നെ 01-06-2023 മുതൽ 31-03-2024 വരെ യു.പി.എസ്.റ്റി ആയി ദിവസവേതനാടിസ്ഥാനത്തിലെ നിയമനം ലൂഥറൻ സ്കൂൾ മാനേജ്മെന്റിലെ യു.പി.എസ്.റ്റി തസ്തികയിൽ 51എ അവകാശം സിദ്ധിച്ചിട്ടുള്ള ശ്രീമതി.ബിന്ദു.എസ്.എസ് 08-06-2023-ന് സമർപ്പിച്ച നിവേദനം പ്രകാരം ടിയാൾക്ക് പുനഃനിയമനം ലഭിക്കാത്തത് സംബന്ധിച്ച് ആക്ഷേപം ഉന്നയിച്ചിട്ടുള്ളതിനാൽ തിരു.നോർത്ത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു. ചട്ടം 51 A അവകാശിയായ ശ്രീമതി.ബിന്ദു എസ്.എസ്. - ന് 01-06-2023 മുതൽ പേരൂർക്കട കൺകോർഡിയാ ലൂഥറൻ യു.പി.എസ് - ൽ ഉണ്ടായ റെഗുലർ ഒഴിവിൽ പുനർ നിയമനത്തിന് അർഹതയുണ്ടായിരിക്കെയാണ് ടി റെഗുലർ ഒഴിവിൽ മാനേജർ ശ്രീമതി.രാജി - യെ ദിനവേതനടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ളത്. ആയത് ക്രമപ്രകാരമല്ലാത്തതിനാൽ അപ്പീൽ പരിഗണിക്കാൻ കഴിയില്ല.

ഈ സാഹചര്യത്തിൽ കേരള വിദ്യാഭ്യാസ നിയമം അദ്ധ്യായം 14 എ.ചട്ടം 8(3) പ്രകാരം ഈ നിയമനം നിരസിച്ച് ഇതിനാൽ ഉത്തരവാകുന്നു. ഈ ഉത്തരവിനെതിരെ മാനേജർക്ക് ആക്ഷേപമുള്ള പക്ഷം ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം അപ്പീൽ അധികാരിക്ക് അപ്പീൽ സമർപ്പിക്കാവുന്നതാണ്. ആയതിന്റെ പകർപ്പ് ഈ ഓഫീസിലേക്കും നൽകേണ്ടതാണ്.

Signature Valid
Digitally signed by INDU L G
Reason : Document Approved
Date : 13/02/2024 03:29 PM

ജില്ലാ വിദ്യാഭ്യാസ ഓഫീസർ

തിരുവനന്തപുരം

സ്വീകർത്താവ് : മാനേജർ, ലൂഥറൻ സ്കൂൾസ്, തിരുവനന്തപുരം

പകർപ്പ് :

1) പ്രധാനാധ്യാപകൻ, കൺകോർഡിയാ ലൂഥറൻ യു.പി.എസ്, പേരൂർക്കട
2) ശ്രീമതി.രാജി.എസ് (മാനേജർ മുഖേന)

സാക്ഷ്യപ്പെടുത്തി.

അനുബന്ധം-3

## പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടറുടെ (അക്കാദമിക് ) നടപടി ഉത്തരവ്

ഹാജർ : സന്തോഷ് സി. എ.

വിഷയം : പൊ. വി. – നിയമനാംഗീകാര അപ്പീൽ- ശ്രീമതി.രാജി.എസ്, യു.പി.എസ്.റ്റി, പേരൂർക്കട കൺകോർഡിയാ ലൂഥറൻ യു.പി. സ്കൂൾ – അപ്പീൽ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന : 1. സ്കൂൾ മാനേജരുടെ അപ്പീൽ
2. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമന്വയ വഴി സമർപ്പിച്ച റിമാർക്സ്

**ഉത്തരവ് നമ്പർ F1/721477/2024 തീയതി 25/07/2024**

പേരൂർക്കട കൺകോർഡിയാ ലൂഥറൻ യു.പി.എസ്. ലെ യു.പി.എസ്.റ്റി. ആയ ശ്രീമതി ഗിരിജ എസ്. വിരമിച്ച ഒഴിവിലാണ് ശ്രീമതി രാജി എസ്. നെ 01-06-2023 മുതൽ 31-03-2024 വരെ യു.പി.എസ്.റ്റി. ആയി മാനേജർ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചത്. 2023-24 അദ്ധ്യയന വർഷത്തെ തസ്തിക നിർണ്ണയ പ്രകാരം പേരൂർക്കട കൺകോർഡിയാ ലൂഥറൻ യു.പി.എസ്. മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത വിദ്യാലയമാണ് എന്നതിനാൽ ടി വിദ്യാലയത്തിലെ ഒഴിവുകളിൽ നിലവിലെ വ്യവസ്ഥകൾ പ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ മാത്രമേ മാനേജർക്ക് നിയമിക്കാൻ കഴിയുകയുള്ളൂ. ലൂഥറൻ സ്കൂൾ മാനേജ്മെന്റിലെ ചട്ടം 51എ അവകാശിയായ ശ്രീമതി ബിന്ദു എസ്.എസ്. പുനഃനിയമനം ലഭിക്കാത്തത് സംബന്ധിച്ചും, ടിയാൾക്ക് പുനഃനിയമനം ലഭിക്കാതെ യു.പി.എസ്.റ്റി. തസ്തികയിലെ മറ്റ് നിയമനങ്ങൾ അംഗീകരിക്കരുത് എന്ന് ആവശ്യപ്പെട്ടുകൊണ്ടും എ. ഇ. ഒ. യിൽ നിവേദനം സമർപ്പിച്ചിരുന്നു. ചട്ടം 51 A അവകാശിയായ ശ്രീമതി ബിന്ദു എസ്.എസ്. ന് 01-06-2023 മുതൽ പേരൂർക്കട കൺകോർഡിയാ ലൂഥറൻ യു.പി.എസ് ൽ ലഭ്യമായ റെഗുലർ ഒഴിവിൽ പുനർ നിയമനത്തിന് അർഹതയുണ്ടായിരിക്കെയാണ് ടി റഗുലർ ഒഴിവിൽ മാനേജർ ശ്രീമതി രാജി എസ്. നെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചത്. ആയതിനാൽ ടി നിയമനം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും നിരസിച്ചു നൽകി. ഇതിനെതിരെ സൂചന 1 പ്രകാരം മാനേജർ ഈ കാര്യാലയത്തിൽ സമർപ്പിച്ച റിവിഷൻ അപ്പീൽ നിലവിലെ ചട്ടങ്ങളുടെയും ഉത്തരവുകളുടെയും ലഭ്യമായ റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു.

സൂചന 2 പ്രകാരം വിദ്യാഭ്യാസ ഓഫീസർ സമർപ്പിച്ച അപ്പീൽ റിപ്പോർട്ട് പ്രകാരം ശ്രീമതി ഗിരിജ എസ്. 31-03-2020-ന് വിരമിച്ചിട്ടുള്ളതിനാൽ 01-06-2023-ന് യു.പി.എസ്.റ്റി തസ്തികയിലെ ഒഴിവ് നിലവിലുണ്ട് എന്നും ചട്ടം 51എ അവകാശിയായ ശ്രീമതി ബിന്ദു എസ്. എസ്. ന് ആലപ്പുഴ സൌത്ത് ആര്യാട് ലൂഥറൻ എച്ച്.എസ്.എസ് ൽ പുനഃനിയമനം ലഭിച്ചിട്ടുണ്ട് എന്നുള്ള വിവരവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

18/05/2007 ലെ 4545/ജെ2/07/പൊ.വി.വ. സർക്കുലറിൽ കെ.ഇ.ആർ. അധ്യായം 14 എ ചട്ടം 43, 51A, 51B അവകാശികളെ 12/10/2006 ന് ശേഷം മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത സ്കൂളുകളിൽ നിയമനത്തിന് പരിഗണിയ്ക്കേണ്ടതില്ലെന്ന് നിർദ്ദേശിച്ചിരുന്നു. 10/05/2012 ലെ 13402/J2/പൊ.വി.വ. സർക്കുലർ പ്രകാരം മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത സ്കൂളുകളിൽ ദിനവേതനാടിസ്ഥാനത്തിൽ മാത്രം നിയമനം നടത്തുവാൻ നിർദ്ദേശിച്ചിരുന്നു. എന്നാൽ മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത സ്കൂളുകളിൽ ഉണ്ടാകുന്ന റഗുലർ ഒഴിവുകളിൽ കെ. ഇ. ആർ. അധ്യായം 14 എ ചട്ടം 51A അവകാശികളുടെ പുനർ നിയമനത്തിനും ആയത് ശമ്പള സ്കെയിലിൽ അംഗീകരിയ്ക്കുന്നതിനും 20/08/2019 ലെ ജെ3/80/2019/പൊ.വി.വ. സർക്കുലറിൽ സർക്കാർ നിർദ്ദേശം നൽകി. മതിയായ എണ്ണം കുട്ടികൾ ഉള്ള സ്കൂളും മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത സ്കൂളുകളും ഉള്ള കോർപ്പറേറ്റ്/വ്യക്തിഗത മാനേജ്മെന്റുകൾ മേൽപ്പറഞ്ഞ വ്യവസ്ഥ പ്രകാരം പുനർനിയമനം ലഭിച്ച 51A അവകാശിയെ പ്രസ്തുത മാനേജ്മെന്റിലെ മതിയായ എണ്ണം കുട്ടികൾ ലഭ്യമായ ഏതെങ്കിലും സ്കൂളുകളിൽ ഭാവിയിൽ ഉണ്ടാകുന്ന ഒഴിവുകളിൽ മാറ്റി നിയമിക്കേണ്ടതാണെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നു. ഇവിടെ ശ്രീമതി രാജിയെ നിയമിക്കുന്ന സമയത്ത് ആ ഒഴിവിലേയ്ക്ക് 20/08/2019 ലെ സർക്കാർ നിർദ്ദേശ പ്രകാരം പുനർനിയമനം

നൽകുവാൻ ഒരു ചട്ടം 51A അവകാശി ഉണ്ടായിരുന്നു. ടി അവകാശിയെ മാനേജർ 9/10/23 മുതൽ ആലപ്പുഴ സൌത്ത് ആര്യാട് എച്ച്. എസിൽ നിയമനം നൽകിയതായി അറിയിച്ചിട്ടുണ്ട്. ആയതിനാൽ ടി നിയമനം അംഗീകരിയ്ക്കപ്പെട്ടിട്ടുള്ള പക്ഷം ശ്രീമതി രാജിയുടെ നിയമനം 09/10/2023 മുതൽ 31/03/2024 വരെ ദിനവേതനാടിസ്ഥാനത്തിൽ അംഗീകരിയ്ക്കുന്നത് പരിഗണിക്കുവാൻ തിരുവനന്തപുരം നോർത്ത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി സൂചന 1 പ്രകാരമുള്ള മാനേജരുടെ റിവിഷൻ അപ്പീൽ തീർപ്പാക്കി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

Signature Valid
Digitally signed by SANTHOSH C A
Reason : Document Approved
Date : 25/07/2024 09:23 AM

പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (അക്കാദമിക്)

............

പകർപ്പ്

1) മാനേജർ, പേരൂർക്കട കൺകോർഡിയാ ലൂഥറൻ യു.പി. സ്കൂൾ
2) പ്രധാനാധ്യാപകൻ, പേരൂർക്കട കൺകോർഡിയാ ലൂഥറൻ യു.പി. സ്കൂൾ
3) ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, തിരുവനന്തപുരം നോർത്ത്
4) ശ്രീമതി രാജി എസ്, പേരൂർക്കട കൺകോർഡിയാ ലൂഥറൻ യു.പി. സ്കൂൾ